4221
10/8/21

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ്-മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - പ്രളയം 2018-ഉജ്ജീവന വായ്പാ പദ്ധതി - ഇടുക്കി, എറണാകുളം, ജില്ലകളിലെ കർഷകർ/സംരംഭകർ എടുത്ത വായ്പയിന്മേലുള്ള മാർജിൻ മണി ബന്ധപ്പെട്ട ബാങ്കുകൾക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്

സ.ഉ.(സാധാ) നം.728/2021/റവ. തീയതി,തിരുവനന്തപുരം, 16/02/2021

പരാമർശം:- 1 സ.ഉ.(കൈ) നം. 27/2018/ദു.നി.വ.തീയതി 17/12/2018.

2 സ.ഉ.(കൈ) നം.4/2019/ദു.നി.വ. തീയതി 22/02/2019.

3 കൊന്നത്തടി സർവ്വീസ് സഹകരണ ബാങ്ക്, ഇടുക്കി , IDBI ബാങ്ക്, റീജിയണൽ ഓഫീസ് കൊച്ചി എന്നീ ബാങ്കുകളിൽ നിന്നും സർക്കാരിലേക്ക് ലഭ്യമാക്കിയ അപേക്ഷകൾ.

<u>ഉത്തരവ്</u>

2018-ലെ പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ട ക്ഷീര/പൗൾട്രി/തേനീച്ച/ അലങ്കാര പക്ഷി കർഷകർ/സൂക്ഷ്മ ചെറുകിട, ഇടത്തരം വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ നടത്തുന്ന സംരംഭകർ എന്നിവർക്ക് അവരുടെ ജീവനോപാധി പുനരുജ്ജീവിപ്പിക്കുന്നതിനായി ബാങ്കുകളിൽ നിന്നും എടുക്കുന്ന 'ടേംലോൺ'/ പ്രവർത്തന മൂലധന വായ്പ എന്നിവയ്ക്ക്, നിബന്ധനകൾക്ക് വിധേയമായി, മാർജിൻ മണി/താങ്ങ് പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതിന് പരാമർശം 1, 2 ഉത്തരവുകൾ പ്രകാരം രൂപീകരിച്ച 'ഉജ്ജീവന വായ്പാ പദ്ധതി' യിൽ വിഭാവനം ചെയ്തിട്ടുണ്ട്.

2 ) അപ്രകാരം 'ഉജ്ജീവന വായ്പാ പദ്ധതി' പ്രകാരമുള്ള വായ്പാ സൗകര്യം പ്രയോജനപ്പെടുത്തിയ ഇടുക്കി, എറണാകുളം, ജില്ലകളിലെ കർഷകർക്ക്/സംരഭകർക്ക് അനുവദിച്ച 'ടേംലോൺ' / പ്രവർത്തന മൂലധനത്തിന്റെ മാർജിൻ മണി വായ്പ വിതരണം ചെയ്ത ബാങ്കുകൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉജ്ജീവന വായ്പാ പദ്ധതി പ്രകാരം ഇടുക്കി, എറണാകുളം, ജില്ലകളിലെ 5 കർഷകർക്ക്/ സംരംഭകർക്ക് അനുവദിച്ച വായ്പയിന്മേലുള്ള മാർജിൻ മണി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ബന്ധപ്പെട്ട ബാങ്കുകൾക്ക് അനുവദിച്ച് ഉത്തരവാകുന്നു.

| ഇടുക്കി |
| --- |

| ക്രമ നമ്പർ | കർഷകന്റെ/ സംരംഭകന്റെ/സ്ഥാപനത്തിന്റെ പേര്/ വിഭാഗം | ശുപാർശ ചെയ്ത വകുപ്പിന്റെ വിശദ വിവരങ്ങൾ | ടേംലോൺ/പ്രവർത്തന മൂലധനം അനുവദിച്ച ബാങ്ക്, ബ്രാഞ്ച് | ടേംലോൺ/ പ്രവർത്തന മൂലധനമായി അനുവദിച്ച തുക (രൂപയിൽ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന മാർജിൻ മണി താങ്ങ് പലിശ (രൂപയിൽ) | മാർജിൻ മണി / താങ്ങ് പലിശ ക്രഡിറ്റ് ചെയ്യേണ്ട ബാങ്ക്, ബ്രാഞ്ച്/ IFS കോഡ്/ അക്കൗണ്ട് നമ്പർ |
|---|---|---|---|---|---|---|
| 1 | Sabu Joseph, Vadakkeyparambil Stores, Konnathady. | താലൂക്ക് വ്യവസായ ഓഫീസ്, ദേവികുളം, ഉപജില്ലാ വ്യവസായ ഓഫീസറുടെ ഡി.1/99/19<br>തീയതി 26/02/2019 | Konnathady SCB | 100000 | 25000 | No details |
| 2 | Michle Joseph, Vadakkeyparambil Textiles, Konnathady. | താലൂക്ക് വ്യവസായ ഓഫീസ്, ദേവികുളം, ഉപജില്ലാ വ്യവസായ ഓഫീസറുടെ ഡി.1/98/19<br>തീയതി 26/02/2019 | Konnathady SCB | 100000 | 25000 | No details |
| 3 | Suresh.T.S., New Palace, Konnathady. | താലൂക്ക് വ്യവസായ ഓഫീസ്, ദേവികുളം, ഉപജില്ലാ വ്യവസായ ഓഫീസറുടെ ഡി.1/248/19<br>തീയതി 20/03/2019 | Konnathady SCB | 100000 | 25000 | No details |
| | | | Sub Total | 300000 | 75000 | |
| | | | എറണാകുളം | | | |
| 4 | Anvar Muhammed, Tyre Mall, Muvattupuzha. | താലൂക്ക് വ്യവസായ ഓഫീസ്, മൂവാറ്റുപുഴ, ഉപജില്ലാ വ്യവസായ ഓഫീസറുടെ ഡ 44/19-20/IEO/MMC/FL<br>തീയതി 22/03/2019 | IDBI Bank | 400000 | 100000 | Branch: Panampilly Nagar<br>IFSC: IBKL0000137<br>A/c No.13737000010140 |
| 5 | Muhammed Shabeer, Positive Associates, West Veliyathunad. | താലൂക്ക് വ്യവസായ ഓഫീസ്, വടക്കൻ പറവൂർ, ഉപജില്ലാ വ്യവസായ ഓഫീസറുടെ പി.1/258/19<br>തീയതി 16/05/2019 | IDBI Bank | 5000000 | 200000 | Branch: Panampilly Nagar<br>IFSC: IBKL0000137<br>A/c No.13737000010140 |
| | | | Sub Total | 5400000 | 300000 | |
| | GRAND TOTAL | | | 5700000 | 375000 | |

4 ) മേൽ പറഞ്ഞ പ്രകാരം മാർജിൻ മണി ഇനത്തിൽ വിതരണത്തിനാവശ്യമായ 3,75,000/ - രൂപ (മൂന്ന് ലക്ഷത്തി എഴുപത്തി ആയ്യായിരം രൂപ മാത്രം) 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ട് മുഖാന്തിരം **ഇടുക്കി, എറണാകുളം** ജില്ലാ കളക്ടർമാർക്ക് അനുവദിക്കുന്നതാണ്. ടി തുകയിൽ 75,000/- രൂപ (എഴുപത്തി അയ്യായിരം രൂപ മാത്രം ) **ഇടുക്കി** ജില്ലാ കളക്ടർക്കും, 3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം ) എറണാകുളം ജില്ലാ കളക്ടർക്കും [ആകെ 3,75,000/ - രൂപ (മൂന്ന് ലക്ഷത്തി എഴുപത്തി ആയ്യായിരം രൂപ മാത്രം) ] നൽകേണ്ടതാണ്.

5 ) ഓരോ വായ്പയിലും അനുവദിച്ചിട്ടുള്ള മാർജിൻ മണി ഇനത്തിൽ ഖണ്ഡിക 3-ലെ പട്ടികയിലെ 6-ാം കോളത്തിൽ പറയുന്ന തുക, 7-ാം കോളത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ ബന്ധപ്പെട്ട ബാങ്കിന് ജില്ലാ കളക്ടർമാർ ക്രഡിറ്റ് ചെയ്ത്, നടപടി വിവര സ്റ്റേറ്റ്മെന്റ് യഥാസമയം സർക്കാരിന് സമർപ്പിക്കേണ്ടതാണ്. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഇല്ലാത്ത അപേക്ഷകളിൽ ജില്ലാ കളക്ടർ ബന്ധപ്പെട്ട ബാങ്ക് അധികാരികളിൽ നിന്നും അക്കൗണ്ട് വിവരങ്ങൾ ശേഖരിച്ച് തുക ബാങ്കിന് അനുവദിക്കേണ്ടതുമാണ്. ഗുണഭോക്താവിന് ഇതിനകം ഉജ്ജീവൻ വായ്പ പദ്ധതി പ്രകാരം മാർജിൻ മണി ലഭിച്ചിട്ടില്ല എന്ന് ബാങ്കുമായി ബന്ധപെട്ട് ജില്ലാ കളക്ടർമാർ ഉറപ്പുവരുത്തേണ്ടതും ടി ഇനത്തിൽ ഗുണഭോകതാവിന് ഇതിനകം തുക ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തിരിച്ചടയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സന്തോഷ് കുമാര്.റ്റി.കെ.**
**ജോയിന്റ് സെക്രട്ടറി**

ജില്ലാ കളക്ടർ, ഇടുക്കി, എറണാകുളം.

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ജില്ലാ ട്രഷറി ഓഫീസർ, ഇടുക്കി, എറണാകുളം ( ട്രഷറി ഡയറക്ടർ തിരുവനന്തപുരം മുഖാന്തിരം )

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ ) കേരള തിരുവനന്തപുരം

കൺവീനർ, സംസ്ഥാന തല ബാങ്കേഴ്സ് സമിതി ,തിരുവനന്തപുരം

സെക്രട്ടറി, കൊന്നത്തടി സർവ്വീസ് സഹകരണ ബാങ്ക് ലി. നം. കെ.260, കൊന്നത്തടി, ഇടുക്കി.

അസി. ജനറൽ മാനേജർ, IDBI ബാങ്ക്, റീജിയണൽ ഓഫീസ്, കൊച്ചി.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്,

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ